## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7631 15.07.2014 -ലെ മറുപടിയ്ക്ക്**

## പുതുതായി നിയമനം ലഭിക്കുന്നവർക്ക് പരിശീലനത്തിന് നടപടി

ചോദ്യം
ശ്രീ. തോമസ് ഉണ്ണിയാടൻ.

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ അച്ചടക്കനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ ആൻഡ് അപ്പീൽ) റൂൾസിലെ ചട്ടങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പി.എസ്.സി അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും കുറഞ്ഞത് രണ്ടുമാസത്തെയെങ്കിലും ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഇങ്ങനെ പരിശീലനം നൽകാൻ രണ്ട് ജില്ലയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ഏഴ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജിയുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽ വെച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ